മാതൃഭൂമി 05 August 2019

# മത്തിയുടെ ലഭ്യത: അന്വേഷണവുമായി ഗവേഷകർ

കൊച്ചി ▸ മത്തിയുടെ ലഭ്യതയിൽ അടിക്കടിയുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളുടെ കാരണങ്ങൾ കൃത്യമായി മനസ്സിലാക്കാൻ രാജ്യത്തെ വിവിധ സ്ഥാപനങ്ങളിലെ ഗവേഷകർ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ.) ഒത്തുകൂടുന്നു. മത്തിയെ ബാധിക്കുന്ന ഘടകങ്ങളേതെന്ന് തിരിച്ചറിയാനും കരുതൽ നടപടികൾ സ്വീകരിക്കാനും ലക്ഷ്യമിട്ടാണ് വിദഗ്ധർ ചർച്ച.

ചൊവ്വാഴ്ച രാവിലെ 9.30-ന് ആരംഭിക്കും. സി.എം.എഫ്.ആർ.ഐ. തയ്യാറാക്കിയ 'മത്തി എന്ന മത്സ്യസമസ്യ' എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്യും. സി.എം.എഫ്.ആർ.ഐ.ക്കു പുറമെ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രാഫി, ഹൈദരാബാദിലെ ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസ്, ഐ.എസ്.ആർ.ഒ.യുടെ കീഴിലുള്ള സ്പേസ് ആപ്ലിക്കേഷൻസ് സെൻറർ, പുണെയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മീറ്റിയറോളജി, സിഫ്റ്റ് എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരാണ് ചർച്ചയിൽ പങ്കെടുക്കുന്നത്.